## <u>സ്വാമി ശരണം</u>

***തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധികാരപരിധിയിൽപ്പെട്ട ശബരിമല ദേവസ്വത്തിലെ കൊല്ലവർഷം 1192-ലെ മഹോത്സവങ്ങളോടനുബന്ധമായി ശബരിമല,പമ്പ,നിലയ്ക്കൽ എന്നീ ദേവസ്വങ്ങളിലെ അന്നദാനം, മെസ്സ് എന്നിവിടങ്ങളിൽ ആഹാരം പാചകം ചെയ്തു നൽകുന്നതിന് താല്പര്യമുള്ള കാറ്ററിംഗ് സർവ്വീസ്, വ്യക്തികൾ,വിഗദ്ധരായ പാചകക്കാർ എന്നിവരിൽ നിന്നും പ്രത്യേകം പ്രത്യേകം മുദ്രവച്ച ക്വൊട്ടേഷനുകൾ ക്ഷണിക്കുന്നു.***

## <u>നിബന്ധനകൾ</u>

1. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധികാരപരിധിയിൽപ്പെട്ട ശബരിമല ദേവസ്വത്തിലെ കൊല്ലവർഷം 1192-ലെ മഹോത്സവങ്ങളോട നുബന്ധമായി ശബരിമല,പമ്പ,നിലയ്ക്കൽ എന്നീ ദേവസ്വങ്ങളിലെ അന്നദാനം, മെസ്സ് എന്നിവിടങ്ങളിൽ ആഹാരം പാചകം ചെയ്തു നൽകുന്നതിന് പ്രത്യേകം പ്രത്യേകം ക്വൊട്ടേഷനുകൾ സമർപ്പി ക്കേണ്ടതാണ്.
2. ശബരിമല,പമ്പ,നിലയ്ക്കൽ എന്നീ ദേവസ്വങ്ങളിലെ അന്നദാനം, മെസ്സ് എന്നിവിടങ്ങളിൽ ആഹാരം പാചകം ചെയ്തു നൽകുന്നതിന് പ്രത്യേകം പ്രത്യേകം ക്വൊട്ടേഷനുകൾ സമർപ്പിക്കേണ്ടതും ക്വൊട്ടേഷൻ സമർപ്പിക്കുന്ന കവറിൽ ഏത് ഐറ്റത്തിനുള്ള ക്വൊട്ടേഷനാണ് ഏതു ദേവസ്വത്തിലേയ്ക്കുള്ളതാണ് എന്ന് വ്യക്തമായി രേഖപ്പെടുത്തി യിരിക്കേണ്ടതുമാണ്.
3. പാചകരംഗത്ത് അഞ്ചു വർഷത്തെ പരിയസമ്പത്ത് ഉണ്ടായിരിക്കണം.
4. പാചകക്കാർ ഹെൽത്ത് കാർഡ് നിർബന്ധമായും സ്വന്തമാക്കി യിരിക്കണം.
5. പാചകക്കാർ, പുകയില വസ്തുക്കളോ മറ്റ് ലഹരി വസ്തുക്കളോ ഉപയോഗിക്കുന്നവർ ആയിരിക്കുവാൻ പാടുള്ളതല്ല
6. ഓരോ ടെൻഡറിനും 25,000/-രൂപ (ഇരുപത്തയ്യായിരം രൂപ) ഇ.എം.ഡി.യായി പ്രത്യേകം ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്. നിരതദ്രവ്യം ക്യാഷായോ ശബരിമല എക്സിക്യൂട്ടീവ് ആഫീസറുടെ

പേരിൽ മാറത്തക്കവണ്ണമുള്ള ഡിമാന്റ് ഡ്രാഫ്റ്റായോ/ക്രോസ്സ് ചെയ്ത് അടക്കം ചെയ്തിരിക്കണം.

7. ആഹാരം പാകം ചെയ്യുന്നതിലേയ്ക്ക് ആവശ്യമായ പലചരക്ക്,പച്ചക്കറി,പാത്രങ്ങൾ, അടുപ്പുകൾ, ഇന്ധനം,വൈദ്യുതി എന്നിവ ഡിപ്പാർട്ട്മെന്റിൽ നിന്നും സപ്ലൈ നടത്തുന്നതാണ്.
8. ആഹാരം പാകം ചെയ്യുന്നതിലേയ്ക്ക് ആവശ്യമായ സഹായികൾ, പാചകക്കാർ എന്നിവരെ കോൺട്രാക്ടറുടെ സ്വന്തം ചുമതലയിൽ നിയോഗിക്കേണ്ടതും ആയവർക്കുള്ള വേതനം കോൺട്രാക്ടർതന്നെ നൽകേണ്ടതുമാണ്.
9. കുത്തക ലഭിക്കുന്ന വ്യക്തി മണ്ഡലം-മകരവിളക്ക് കാലയളവുകളിലെല്ലാം അതത് ദേവസ്വങ്ങളിൽ താമസിച്ച് ആവശ്യാനുസരണം ആഹാരം പാകം ചെയ്ത് നൽകുന്നതിന് ബാദ്ധ്യസ്ഥനായിരിക്കും.
10. പാകം ചെയ്ത ആഹാരം വിതരണം ചെയ്യുന്നതിന് ഡിപ്പാർട്ട്മെന്റിൽ നിന്നും ജീവനക്കാരെ നിയോഗിക്കുന്നതാണ്.
11. കരാർ കാലയളവ് കൊല്ലവർഷം 1192-ലെ ശബരിമല മണ്ഡലം-മകരവിളക്ക്, കാലയളവ് മുഴുവൻ ബാധകമായിരിക്കും,
12. ഓരോ ഇനത്തിനും മണ്ഡല-മകരവിളക്ക് കാലയളവിൽ പാചകക്കാരെയും അനുബന്ധ തൊഴിലാളികൾക്കുമായി ഡിപ്പാർട്ട്മെന്റിൽ നിന്നും നൽകേണ്ട തുകയാണ് ടെൻഡറിൽ ക്വോട്ട് ചെയ്യേണ്ടത്.

13. മുദ്രവച്ച ടെൻഡറുകൾ 04-11-2016 രാവിലെ 11.00 .മണിയ്ക്ക് മുമ്പായി ദേവസ്വം കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, നന്തൻകോട്, തിരുവനന്തപുരം-695-003 എന്ന വിലാസത്തിൽ ലഭിക്കത്തക്കവണ്ണം ഹാജരാക്കേണ്ടതാണ്. നിശ്ചിത സമയം കഴിഞ്ഞ് ഹാജരാക്കുന്ന ടെൻഡറുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.
14. 04-.11.2016 ഉച്ചയ്ക്ക് 12.00 മണിക്ക് അപ്പോൾ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ ദേവസ്വം കമ്മീഷണർ ആഫീസിൽ വച്ച് ടെൻഡറുകൾ പൊട്ടിച്ച് പരിശോധിക്കുന്നതാണ്.
15. നിശ്ചിത നിരതദ്രവ്യം ഹാജരാക്കാത്തവരുടെ ടെൻഡറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
16. ടെൻഡർ അംഗീകരിക്കുന്നത് സംബന്ധിച്ച അറിയിപ്പ് ലഭിച്ച് ഏഴ് ദിവസത്തിനകം ശബരിമല എക്സിക്യൂട്ടീവ് ആഫീസറുമായി ബന്ധപ്പെട്ട്

ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്. അറിയിപ്പ് ലഭിച്ച് ഏഴ് ദിവസത്തിനകം ഉടമ്പടി വയ്ക്കുന്നതിൽ വീഴ്ചവരുത്തുന്ന പക്ഷം നിരതദ്രവ്യം മുതൽക്കൂട്ടി തൊട്ടടുത്ത റേറ്റ് ക്വാട്ട് ചെയ്തിട്ടുള്ള ടെൻഡർകാരനെ ക്ഷണിക്കുന്നതിനോ മറ്റ് ഏർപ്പാടുകൾ ചെയ്യുന്നതിനോ ദേവസ്വം ബോർഡിന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതും അതിൽവച്ച് ഉണ്ടാകുന്ന നഷ്ടത്തിന് വീഴ്ച വരുത്തിയ ടെൻഡറുകാരൻ പൂർണ്ണ ഉത്തരവാദി ആയിരിക്കുന്നതുമാണ്.

17. കരാർ ലഭ്യമാകുന്ന ആൾ ഡിപ്പാർട്ട്മെന്റ് നിർദ്ദേശാനുസരണം ജോലി നടത്താതിരിക്കുന്ന പക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ കരാർ റദ്ദ് ചെയ്യുന്നതിനും ഉത്സവത്തിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി മറ്റ് വിധത്തിൽ നടപടി സ്വീകരിക്കുന്നതിനും ദേവസ്വം ബോർഡിന് അധികാരവും അവകാശവും ഉണ്ടായിരിയ്ക്കുന്നതും തൻമൂലം ബോർഡിനുണ്ടാകുന്ന എല്ലാ കഷ്ട നഷ്ടങ്ങൾക്കും കുത്തകക്കാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതുമാണ്.
18. ടെൻഡർ സ്വീകരിക്കുന്നതിനും യാതൊരു കാരണവും പറയാതെ നിരസിക്കുന്നതിനും ദേവസ്വം ബോർഡിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.
19. കുത്തകക്കാർക്ക് /ടെൻഡർകാർക്ക് ദേവസ്വം ബോർഡിന്റെ രേഖാമൂലമുള്ള അനുവാദം കൂടാതെ കുത്തകയുടെ അവകാശം കൈമാറുന്നതിനോ കീഴ് കുത്തക കൊടുക്കുന്നതിനോ അധികാരവും അവകാശവും ഇല്ലാത്തതാകുന്നു.
20. കുത്തക/ടെൻഡർ സംബന്ധിച്ചുള്ള വ്യവഹാരങ്ങൾ തിരുവനന്തപുരം കോടതിയുടെ അധികാരപരിധിയിലായിരിയ്ക്കും.
21. കോൺട്രാക്ട് ലഭിച്ച് പാചകത്തിനായി നിയോഗിക്കപ്പെടുന്ന തൊഴിലാളികൾ കൃത്യനിഷ്ഠയോടെയും, ശുചിത്വത്തോടെയും ജോലിയിൽ ഏർപ്പെടേണ്ടതും, തൊപ്പിയും കൈയുറയും ധരിക്കേണ്ടതുമാണ്.
22. ആഹാരം പാകം ചെയ്യുന്നതിലേയ്ക്കായി ഏറ്റുവാങ്ങുന്ന പലചരക്ക്, പച്ചക്കറി എന്നിവ ദുരുപയോഗം ചെയ്യാതെയും, പാഴാക്കാതെയും കൈകാര്യം ചെയ്യേണ്ട പൂർണ്ണ ബാദ്ധ്യത കരാർകാരനായിരി ക്കുന്നതാണ്.
23. ജോലികൾ ഏറ്റെടുക്കുന്ന കരാർകാരനും, നിയോഗിക്കപ്പെടുന്ന തൊഴിലാളികളും ക്രിമിനൽ കേസ്സിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് തെളിയിക്കുന്ന

പ്രാദേശിക പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

24. ജോലിക്കായി നിയോഗിക്കപ്പെടുന്നവർ ഹിന്ദുമത വിശ്വാസികളായിരിക്കേണ്ടതും, പ്രസ്തുത വിവരം ശബരിമല എക്സിക്യൂട്ടീവ് ആഫീസറെ മുൻകൂട്ടി അറിയിക്കേണ്ടതുമാണ്.
25. ശബരിമല,പമ്പ,നിലയ്ക്കൽ എന്നിവിടങ്ങളിൽ തയ്യാറാക്കി നൽകേണ്ട ആഹാരത്തിന്റെ ഉദ്ദേശ അളവ്, പാകം ചെയ്തു നൽകേണ്ട ഭക്ഷണം എന്നിവ ചുവടെ ചേർക്കുന്നു. അതനുസരിച്ച് ആഹാരം പാകം ചെയ്യുവാൻ കരാർ എടുക്കുന്ന വ്യക്തിക്ക് പ്രാപ്തി ഉണ്ടായിരിക്കേണ്ടതാണ്.

| **മെസ്സ്** | | | |
|---|---|---|---|
| | ശബരിമല | പമ്പ | നിലയ്ക്കൽ |
| തയ്യാറാക്കി നൽകേണ്ട അളവ് ആളെണ്ണം ക്രമം. | 4500 മുതൽ 5000 -വരെ | 2500- മുതൽ 3000 -വരെ | 300 മുതൽ 500 വരെ |
| പ്രാതൽ | അഞ്ച് ഇഡ്ഡലി, സാമ്പാർ/ചമ്മന്തി, കടലക്കറി | അഞ്ച് ഇഡ്ഡലി, സാമ്പാർ/ചമ്മന്തി, കടലക്കറി | അഞ്ച് ഇഡ്ഡലി, സാമ്പാർ/ചമ്മന്തി, കടലക്കറി |
| ഊണ്. | ചോറ്, സാമ്പാർ/പുളിശ്ശേരി, തോരൻ, അച്ചാർ, അവിയൽ/കൂട്ടുക്കറി, ചൂടുവെള്ളം, രസം | ചോറ്, സാമ്പാർ/പുളിശ്ശേരി, തോരൻ, അച്ചാർ, അവിയൽ/കൂട്ടുക്കറി, ചൂടുവെള്ളം, രസം | ചോറ്, സാമ്പാർ/പുളിശ്ശേരി, തോരൻ, അച്ചാർ, അവിയൽ/കൂട്ടുക്കറി, ചൂടുവെള്ളം, രസം |

| | | | |
|---|---|---|---|
| അത്താഴം | രണ്ട് ചപ്പാത്തി, കഞ്ഞി, പയർ/അസ്ത്രം, അച്ചാർ | കഞ്ഞി, പയർ/ അസ്ത്രം, അച്ചാർ | കഞ്ഞി, പയർ/അസ്ത്രം, അച്ചാർ |
| വെളുപ്പിന് 5 മണി മുതൽ | കട്ടൻ കാപ്പി | കട്ടൻ കാപ്പി | കട്ടൻകാപ്പി |
| രാവിലെ 8 മണിക്ക് | പാൽ ചായ | പാൽ ചായ | പാൽചായ |
| വൈകുന്നേരം 4 മണിക്ക് | പാൽ ചായ കൂടാതെ 800 പേർക്ക് ബോണ്ട/മുളക് ബജ്ജി | പാൽ ചായ | പാൽ ചായ |
| അന്നദാനം | | | |
| | ശബരിമല | പമ്പ | നിലയ്ക്കൽ |
| പ്രാതൽ | റവ ഉപ്പുമാവ് കടല ചുക്കുവെള്ളം (3000 മുതൽ 5000 പേർക്ക്) | റവ ഉപ്പുമാവ് കടല ചുക്കുവെള്ളം (3000 മുതൽ 4000 പേർക്ക്) | റവ ഉപ്പുമാവ് കടല ചുക്കുവെള്ളം (2000മുതൽ 2250 പേർക്ക്) |
| ഊണ് | ചോറ് സാമ്പാർ, അവിയൽ,തോരൻ അച്ചാർ, വെള്ളം (3000 മുതൽ 5000 പേർക്ക്) | ചോറ് സാമ്പാർ, അവിയൽ,തോരൻ അച്ചാർ, വെള്ളം(3000 മുതൽ 4000 പേർക്ക്) | ചോറ് സാമ്പാർ, അവിയൽ,തോരൻ അച്ചാർ, വെള്ളം(2000 മുതൽ 2500 പേർക്ക്) |
| വൈകുന്നേരം 7 മണിക്ക് | കഞ്ഞി,പയർ, അച്ചാർ (3000 | കഞ്ഞി,പയർ, അച്ചാർ (2500 | കഞ്ഞി,പയർ, അച്ചാർ (മുതൽ 2000 പേർക്ക്) |

| | | | |
|---|---|---|---|
| | മുതൽ 3500 പേർക്ക്) | മുതൽ 3000 പേർക്ക്) | |
| രാത്രി 11 മണിക്ക് | ഉപ്പ്മാവ് ഉള്ളികറി, ചൂടുവെള്ളം (1500 മുതൽ 2000 പേർക്ക്) | - | - |

26. കരാറിലേർപ്പെടുന്ന കുത്തകക്കാർ, കേരള ഭക്ഷണത്തിന് പുറമേ ആന്ധ്ര, തമിഴ്നാട്, കർണ്ണാടകം എന്നീ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഭക്ഷണം പാകം ചെയ്യുന്നതിന് പ്രാപ്തി ഉള്ളവരായിരിക്കണം. ഡിപ്പാർട്ട്മെന്റിൽ നിന്നും നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് അത്തരം ആഹാരങ്ങൾ പാകം ചെയ്തു നൽകുന്നതിന് കുത്തകക്കാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.
27. കരാറിലേർപ്പെടുന്ന നിരക്കിൽ നിന്നും കൂടുതൽ ആവശ്യപ്പെടുവാൻ യാതൊരു പരിതസ്ഥിതിയിലും കുത്തകക്കാരന് അവകാശം ഉണ്ടായിരിക്കുന്നതല്ല.
28. കരാറിലേർപ്പെടുന്ന ആൾ നിയോഗിക്കുന്ന തൊഴിലാളികൾ ശബരിമലയിൽ എത്തിചേർന്നു കഴിഞ്ഞാൽ നിയോഗിക്കപ്പെടുന്ന ജോലിയല്ലാതെ മറ്റ് യുതൊരുവിധ പ്രവർത്തനങ്ങളിലും ഏർപ്പെടുവാൻ പാടില്ലാത്തതാണ്.

(ഒപ്പ്)

ആർ.ഒ.സി. 61/16/ശബ ദേവസ്വം കമ്മീഷണർ

22-10-.2016

തിരുവിതാംകൂർ ദേവസ്വം ബോർഡ്
തിരുവനന്തപുരം- 695003